ശ്രീ. യു.എസ്. ശശി :

ശ്രീ. ജോസ് ബേബി :

ശ്രീ. എൻ. അനിരുദ്ധൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരോഗ്യ-ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ ഈ മിഷന്റെ കീഴിൽ നടന്നുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവർത്തനങ്ങൾക്ക് എവിടെ നിന്നെല്ലാം എന്തുമാത്രം സഹായം ഉറപ്പാക്കിയിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഉണ്ട്. സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വവും ആരോഗ്യവും കൈവരിക്കുന്നതിനു മൂന്നു ഘട്ടങ്ങളുടെ പ്രവർത്തന പരിപാടിയാണു മിഷൻ വിഭാവനം ചെയ്യുന്നത്. ഒന്നാം ഘട്ടത്തിൽ 20-30 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് പ്രസ്തുത പഞ്ചായത്തുകൾക്കു സമഗ്ര ശുചിത്വ ആരോഗ്യ പദ്ധതി തയ്യാറാക്കാനുള്ള സാങ്കേതികസഹായം നൽകികൊണ്ട് ആസൂത്രണ നിർവഹണ മാതൃകകൾ സൃഷ്ടിക്കുന്നതിനും രണ്ടാംഘട്ടത്തിൽ ഈ പ്രവർത്തനം 150-200 ഗ്രാമപഞ്ചായത്തുകളിലേക്കു വ്യാപിപ്പിക്കുന്നതിനും 3-ാം ഘട്ടത്തിൽ സംസ്ഥാന വ്യാപകമായി ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(സി) പഞ്ചായത്തുകൾക്കു ലഭ്യമാക്കുന്ന സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്ന് പഞ്ചായത്തുകൾ തീരുമാനിക്കുന്ന തുകയും കേന്ദ്രാവിഷ്കൃത പദ്ധതിയായ ഗ്രാമ-ശുചിത്വ പരിപാടിയുടെ കേന്ദ്ര -സംസ്ഥാന സർക്കാർ ഫണ്ടുകളും സമ്പൂർണ്ണ ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാം. ഈ മേഖലയിൽ അടുത്ത മൂന്നു വർഷത്തിനകം 2500 കോടി രൂപയുടെ നിക്ഷേപം വേണ്ടിവരും. ഇതിന്റെ 50% തുക ഗുണഭോക്തൃവിഹിതമായിരിക്കും. ഇതിനുപുറമേ ഗ്രാമവികസന വകുപ്പ് നെതർലാന്റ് ഗവണ്മെന്റിൽ നിന്നും 1.44 കോടി രൂപ കോട്ടയം ജില്ലയിൽ നടപ്പാക്കിവരുന്ന നിർമ്മൽ 2000 എന്ന ശുചിത്വ പരിപാടിക്കു ലഭ്യമാക്കുന്നതിനു ധാരണാപത്രത്തിൽ ഒപ്പു വച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഗഡുവായി 25 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 185 ലക്ഷം രൂപ കേന്ദ്ര സംസ്ഥാന വിഹിതമായും ഈ പദ്ധതിക്ക് നൽകിയിട്ടുണ്ട്.

12 (*102) ട്രോളിംഗ് നിരോധനം

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീമതി എൻ.കെ. രാധ :

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത് എന്നു മുതലാണ്; എത്ര ദിവസത്തേക്കാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ട്രോളിംഗ് നിരോധനസമയത്ത് കേരളതീരത്ത് ആഴക്കടൽ കപ്പലുകളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ടോ;

(സി) ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രോളിംഗ് നിരോധനംമൂലം കടൽ മൽസ്യ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) 15.6.99 മുതൽ 15.6.1999 മുതൽ 29.7.1999 വരെയുള്ള 45 ദിവസത്തേക്ക്.

(ബി) ഉണ്ട്.

(സി) ട്രോളിംഗ് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരെ നോഡൽ ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും വന്ന് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ യന്ത്രവൽകൃത ബോട്ടുകളും 14.6.99 അർദ്ധരാത്രിക്കുമുമ്പ് കേരള തീരം വിട്ടുപോകാൻ നിർദ്ദേശം നൽകി. തീരത്തോടു ചേർന്നുകിടക്കുന്ന ഡീസൽ ബങ്കുകൾ അടച്ചിടാനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി അത്യാധുനിക സജ്ജീകരണങ്ങൾ ഉള്ള ഫിഷറീസ് വകുപ്പിന്റെ 4 പെട്രോൾ ബോട്ടുകളും ഒരിടത്തരം 43 1/2 അടി ബോട്ടും കെ.എൽ.എ 530 എന്ന ബോട്ടും വാടകയ്ക്കെടുത്ത് 6 സ്വകാര്യ ബോട്ടുകളും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുന്നതിനും കടലിൽ പട്രോളിംഗ് നടത്തുന്നതിനും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് സേനയുടെ സഹായവും ഏർപ്പാട് ചെയ്തിട്ടുണ്ട്. എല്ലാ കടലോര ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് ട്രോളിംഗ് നിരോധനസമയത്ത് ആഴക്കടൽ മത്സ്യബന്ധനം നിരോധിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിനുമുമ്പും അതിനു ശേഷവുമുള്ള കടൽമത്സ്യ ഉൽപ്പാദനം സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ താഴെ കൊടുക്കുന്നു.

ട്രോളിംഗ് നിരോധനത്തിന് മുമ്പ്	നിരോധനത്തിനു ശേഷം
1984-424717	1988-468808
1985-332503	1989-647546

LIBRARY ARCHIVES Kerala Legislative Assembly

1986-335856	1990-662890
1987-283154	1991-564161
	1992-560742
	1993-574739
	1994-568034
	1995-531646
	1996-572055
	1997-574774
	1998-559263

13 (*103) സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി

ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺ കാലത്ത് മത്സ്യബന്ധനത്തിനുപോകുന്ന തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇക്കാലത്ത് തീരപ്രദേശത്ത് ഉണ്ടാകാനിടയുള്ള പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കാലവർഷക്കാലത്ത് തൊഴിലെടുക്കാനാവാതെ ദുരിതമനുഭവിക്കുന്ന മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസമെത്തിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഫിഷറീസ് വകുപ്പിന്റെ എല്ലാ കടലോര ജില്ലാ ഓഫീസുകളിലും 5 ഫിഷറീസ് സ്റ്റേഷനുകളിലും ഫിഷറീസ് കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. അത്യാധുനിക സജ്ജീകരണങ്ങൾ ഉള്ള 4 പട്രോൾ ബോട്ടുകൾ രക്ഷാപ്രവർത്തനങ്ങൾക്കായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ മറ്റു രണ്ടു ബോട്ടുകളും വാടകയ്ക്കെടുത്ത 6 ബോട്ടുകളും പ്രവർത്തനസജ്ജമാക്കി വിന്യസിക്കുന്നുണ്ട്.

(ബി) സംസ്ഥാന ആരോഗ്യവകുപ്പുമായി സഹകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇതിനായി സമ്പാദ്യ-ആശ്വാസപദ്ധതി നിലവിലുണ്ട്.

14 (*104) വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly